# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *88 | 02/12/2015-ൽ മറുപടിക്ക്

## ഓൺലൈൻ മരുന്ന വ്യാപാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.പി.തിലോത്തമൻ<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>ശ്രീമതി.ഗീതാ ഗോപി | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| എ) ആരോഗ്യത്തിന് ഭീഷണി ഉയർത്തി, യാതൊരു നിയന്ത്രണവുമില്ലാതെ സംസ്ഥാനത്ത് ഓൺലൈൻ മരുന്ന വ്യാപാരം നടക്കുന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | എ) സംസ്ഥാനത്ത് ഓൺലൈൻ മരുന്നു വ്യാപാരം അനധികൃതമായി നടക്കുന്നതായിട്ടുള്ള പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കേരളത്തിൽ ഇപ്രകാരം വെബ്സൈറ്റുകൾ വഴി മരുന്നു വ്യാപാരം നടത്തുന്ന സ്ഥാപനങ്ങൾ നിലവിലില്ല എന്ന് **ഡ്രഗ്സ് കൺട്രോൾ വകുപ്പ്** അന്വേഷണം നടത്തി ഉറപ്പ് വരുത്തിയിട്ടുണ്ട്. |
| ബി) പ്രസ്തുത വിഷയം സംബന്ധിച്ച പരാതികൾ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതികളിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | ബി) നിലവിൽ അനധികൃത ഓൺലൈൻ മരുന്നു വ്യാപാരം സംബന്ധിച്ച് പത്രവാർത്തകളല്ലാതെ രേഖാമൂലമുള്ള പരാതികളൊന്നും ലഭ്യമായിട്ടില്ല. എന്നിരുന്നാലും, ഓൺലൈൻ മരുന്നുവ്യാപാരം സംബന്ധിച്ച് **ഡ്രഗ്സ് കൺട്രോൾ വകുപ്പ്** നിരന്തരം പരിശോധനകൾ നടത്തുകയും നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം വകുപ്പ് കർശന നടപടികൾ **സ്വീകരിക്കുന്നതുമാണ്.** |
| സി) ഓൺലൈൻ വ്യാപാരം വഴി ഗുണനിലവാരമില്ലാത്തതും വ്യാജവുമായ മരുന്നുകൾ ഡോക്ടർമാരുടെ കുറിപ്പടി ഇല്ലാതെ യഥേഷ്ടം വിറ്റഴിക്കപ്പെടുന്നതായി വിവരം | സി) നിലവിലുള്ള നിയമങ്ങൾക്ക് (ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് 1940 ആന്റ് റൂൾസ് 1945) വിരുദ്ധമായി നടത്തിവരുന്ന ഇത്തരത്തിലുള്ള ഓൺലൈൻ മരുന്നു വ്യാപാരം വഴി വ്യാജമരുന്നുകൾ/ലഹരിക്കായി ദുരുപയോഗം ചെയ്യാൻ സാദ്ധ്യതയുള്ള മരുന്നുകൾ എന്നിവ യാതൊരു നിയന്ത്രണവുമില്ലാതെ വിറ്റഴിക്കപ്പെടുന്നതിന്റെ |

| | |
|---|---|
| ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇത്തരം ഓൺലൈൻ മരുന്ന കച്ചവടം തടയുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | സാമൂഹിക വിപത്തുകൾ കണക്കിലെടുത്ത് ഓൺലൈൻ മരുന്നു വ്യാപാരം നിയന്ത്രണ പരിധിയിൽ കൊണ്ടു വരുന്നതിന്റെ ഭാഗമായി Dr.Harshadeep Kamble, IAS, Commissioner FDA, Maharashtra യുടെ അദ്ധ്യക്ഷതയിൽ ഉപസമിതി രൂപികരിക്കുവാൻ 48th Drugs Consulative Committee യിൽ തീരുമാനമായിട്ടുണ്ട്. E-commerce ന്റെ പുരോഗതിയെ മുൻനിർത്തി ഓൺലൈൻ വ്യാപാരം പോലുള്ള പുതിയ സാങ്കേതിക വിദ്യയുടെ ആവിർഭാവം ഉൾക്കൊണ്ടുകൊണ്ട് ആയതിനെ നിയമാനുസൃതമാക്കേണ്ടത് അനിവാര്യമായതിനാൽ വികസിത രാജ്യങ്ങളിൽ പ്രാവർത്തികമായിട്ടുള്ള പ്രസ്തുത സംരംഭങ്ങളുടെ പ്രായോഗിക വശങ്ങളെ കുറിച്ചും നിയമസാധുതകളെ കുറിച്ചും കൂടുതൽ പരിശോധിക്കാനായി രൂപീകരിച്ചിട്ടുള്ള പ്രസ്തുത ഉപസമിതിയുടെ പ്രാരംഭ യോഗത്തിൽ, വ്യക്തികൾ/സംഘടനകൾ/വ്യാപാര മേഖലയിലുള്ളവർ/കമ്പനികൾ എന്നിവർ ഉൾപ്പെടുന്ന പൊതുജനങ്ങളിൽ നിന്നും വിഷയസംബന്ധമായ കാര്യങ്ങളിന്മേലുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്ഷണിച്ചിട്ടുണ്ട്. ടി കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓൺലൈൻ ഔഷധ വ്യാപാരം നിയമാനുസൃതമാക്കുന്നതിലേക്കായുള്ള ഭേദഗതികൾ കേന്ദ്രനിയമമായ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് 1940 ലും ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾസ് 1945 ലും വരുത്തുമെന്നാണ് പ്രതീക്ഷ. |

സെക്ഷൻ ഓഫീസർ